# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| **DECEMBER 23** | **2019** |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

*www.sabarimal.kerala..gov.in, prdsabarimala2020@gmail.com*

---

**തങ്ക അങ്കി ഘോഷയാത്ര ആറന്മുളയിൽ നിന്ന് പുറപ്പെട്ടു:**

**26ന് ശബരിമലയിൽ**

ശബരിമല മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്തുന്ന തങ്കഅങ്കിയും വഹിച്ചുകൊണ്ടുള്ള രഥഘോഷയാത്ര ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്നാരംഭിച്ചു. ഇന്ന്(23) രാവിലെ ഏഴിനാണ് അയ്യപ്പഭക്തരുടെ ശരണംവിളികൾകൊണ്ട് മുഖരിതമായ അന്തരീക്ഷത്തിൽ ആറന്മുളയിൽ നിന്നും രഥം പുറപ്പെട്ടത്. ആറന്മുള ക്ഷേത്രത്തിന്റെ സ്ട്രോംഗ് റൂമിൽ സൂക്ഷിച്ചിരുന്ന തങ്കഅങ്കി നേരത്തെ ദേവസ്വം അധികാരികൾ ഏറ്റുവാങ്ങി ക്ഷേത്രത്തിൽ ദർശനത്തിനു വച്ചിരുന്നു. തുടർന്ന് സായുധ പോലീസിന്റെ അകമ്പടിയിൽ തങ്കഅങ്കി പുറത്തേക്ക് എഴുന്നള്ളിച്ചു ശബരിമല ക്ഷേത്ര മാതൃകയിൽ തയാറാക്കിയ രഥത്തിലേക്ക് തങ്കഅങ്കി വച്ചു. ഘോഷയാത്ര 26ന് വൈകുന്നേരം ശബരിമല സന്നിധാനത്തെത്തും.

തിരുവിതാംകൂർ മഹാരാജാവായിരുന്ന ചിത്തിര തിരുനാൾ ബാലരാമ വർമയാണ് മണ്ഡലപൂജയ്ക്കു ചാർത്തുന്നതിനുള്ള 450 പവൻ തൂക്കമുള്ള തങ്കഅങ്കി 1973ൽ നടയ്ക്കുവച്ചത്. തങ്കഅങ്കി രഥഘോഷയാത്ര പുറപ്പെടുമ്പോൾ വൻജനാവലിയാണ് ആറന്മുളയിലുണ്ടായിരുന്നത്. ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ. വാസു,

മെമ്പർമാരായ എൻ.വിജയകുമാർ, കെ.എസ്. രവി, കമ്മീഷണർ ബി.എസ്.തിരുമേനി, മുൻ പ്രസിഡന്റ് എ. പത്മകുമാർ, ജില്ലാ പോലീസ് മേധാവി ജി. ജയദേവ് , ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, മുൻ എംഎൽഎ മാലേത്ത് സരളാദേവി തുടങ്ങിയവർ സന്നിഹിതരായിരുന്നു. എആർ ക്യാമ്പിൽ നിന്നുള്ള പോലീസിന്റെ സായുധസംഘമാണ് പ്രത്യേക വാഹനത്തിൽ തങ്കഅങ്കി ഘോഷയാത്രയെ അനുഗമിക്കുന്നത്.

യാത്രാ വഴിയിലെ അമ്പതോളം ക്ഷേത്രങ്ങളിൽ തങ്കയങ്കി ഘോഷയാത്രക്ക്സ്വീകരണം ഒരുക്കിയിട്ടുണ്ട്. ഘോഷയാത്രയിൽ ഉടനീളം നിറപറയും നിലവിളക്കുംവെച്ച് ഭക്തർ തങ്ക അങ്കിയെ വരവേൽക്കും.26-ന് ഉച്ചകഴിഞ്ഞ് ഘോഷയാത്ര പമ്പയിൽ എത്തും. അന്ന് വൈകുന്നേരം 5.30 ഓടെ തങ്ക അങ്കി സ്വീകരിക്കാൻ നിയോഗിക്കപ്പെട്ടവർ തിരുനടയിൽ എത്തി പ്രത്യേക ഹാരം അണിഞ്ഞ് ശരംകുത്തിയിലേക്ക് യാത്ര തിരിക്കും. ആറ് മണിയോടെ തങ്ക അങ്കി ഘോഷയാത്രയ്ക്ക് ശരംകുത്തിയിൽ വച്ച് ആചാരപൂർവ്വമുള്ള സ്വീകരണം നൽകും. തുടർന്ന് ക്ഷേത്രത്തിലേക്ക് ആനയിക്കും. 6.25 ഓടെ പതിനെട്ടാം പടി കയറി കൊണ്ടു വരുന്ന തങ്ക അങ്കിപ്പെട്ടി ശ്രീകോവിലിലേക്ക് ക്ഷേത്രതന്ത്രിയും മേൽശാന്തിയും ചേർന്ന് ഏറ്റുവാങ്ങും. ശേഷം തങ്ക അങ്കി ചാർത്തിയുള്ള മഹാദീപാരാധന നടക്കും.

(പി.ആർ. ശബരി-215)

ഫോട്ടോ അടിക്കുറിപ്പ്
1. തങ്കഅങ്കി രഥഘോഷയാത്ര ആറന്മുള ക്ഷേത്രത്തിൽ നിന്നും പുറപ്പെടുന്നു.

2. ശബരിമല ക്ഷേത്രത്തിൽ മണ്ഡലപൂജയ്ക്കു ചാർത്തുന്ന തങ്കഅങ്കി ആറന്മുള ക്ഷേത്രത്തിൽ നിന്നും പുറത്തേക്ക് എഴുന്നള്ളിക്കുന്നു.

## മണ്ഡലപൂജ ചടങ്ങുകൾ;

## മകരവിളക്ക് ജനുവരി 15-ന്

നാൽപ്പത്തിയൊന്നു ദിവസത്തെ ശബരിമല മണ്ഡല മഹോത്സവത്തിന്റെ സമാപന ദിനമായ ഡിസംബർ 27-ന് പുലർച്ചെ മൂന്നിന് ക്ഷേത്രനട തുറക്കും. 3 .15 മുതൽ 7 മണി വരെ നെയ്യഭിഷേകം. 7.30 ന് ഉഷപൂജ. 8 മണി മുതൽ 9.30 വരെ നെയ്യഭിഷേകം തുടരും. 10 മണിക്കും 11.40നും ഇടയ്ക്കുള്ള കുംഭം രാശിയിൽ തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ നടക്കും. ഉച്ചക്ക് 1 മണിക്ക് നട അടക്കും. അന്നേ ദിവസം വൈകുന്നേരം 4 മണിക്ക് നട വീണ്ടും തുറക്കും. ദീപാരാധന വൈകുന്നേരം 6.30ന്. അത്താഴപൂജ 9.30 ന്. രാത്രി 9.50 ന് ഹരിവരാസനം പാടി നട അടയ്ക്കും. ഇതോടെ 41 ദിവസം നീണ്ടു നിന്ന മണ്ഡലകാലത്തിനും പരിസമാപ്തിയാകും. മകരവിളക്ക് ഉത്സവത്തിനായി ക്ഷേത്ര തിരുനട ഡിസംബർ 30 ന് വൈകുന്നേരം 5 മണിക്ക് തുറക്കും.2020 ജനുവരി 15 നാണ് മകരവിളക്ക്.

(പി.ആർ. ശബരി-216)

# പമ്പയിൽ ബന്ധുക്കളെ കാണാതെ വിഷമിച്ച

# അമ്മമാർക്ക് തുണയായി സുദർശനം പദ്ധതി

***പത്തു ദിവസത്തിനുള്ളിൽ 4,246***
***തീർഥാടകർക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കി***

ശബരിമല ദർശനം കഴിഞ്ഞു മടങ്ങുന്നതിനായി രാത്രി ഏറെ വൈകി പമ്പയിൽ എത്തിയപ്പോൾ ബന്ധുക്കളെ കാണാതെ വിഷമവൃത്തത്തിലായ വയോധികരായ അമ്മമാർക്ക് തുണയായി സുദർശനം പദ്ധതി. തമിഴ്നാട് സ്വദേശികളായ ദേവകിയും, കസ്തൂരിയും തങ്ങളെ കൂട്ടികൊണ്ട് പോകുവാൻ എത്തുന്ന ബന്ധുക്കളെ കാത്ത് മണിക്കൂറുകളോളം പമ്പയിൽ അലഞ്ഞു. ബന്ധുക്കളെ കണ്ടെത്താൻ കഴിയാതെ വിഷമിച്ച അമ്മമാരെ സുദർശനം പദ്ധതി സന്നദ്ധ പ്രവർത്തകർ സാന്ത്വനിപ്പിച്ചു. തുടർന്ന് സുദർശനം വിശ്രമ കേന്ദ്രത്തിലേക്ക് കൂട്ടി കൊണ്ടു വരുകയും അവിടെയുള്ള ദ്വിഭാഷി അവരോടു കാര്യങ്ങൾ ചോദിച്ച് മനസിലാക്കുകയും ചെയ്തു. ഫോൺ നമ്പർ മനസിലാക്കി ബന്ധുക്കളെ ഫോണിൽ ബന്ധപെട്ടു. അതേസമയം പമ്പയിൽ മറ്റൊരിടത്ത് ബന്ധുക്കൾ അമ്മമാരെ തിരഞ്ഞെങ്കിലും കണ്ടെത്താൻ കഴിയാത്തതിനാൽ അവർ നിലയ്ക്കലേക്ക് മടങ്ങിയിരുന്നു. ഇത് അറിഞ്ഞ് സുദർശനം പ്രവർത്തകർ അമ്മമാരെ പമ്പയിൽ നിന്ന് നിലയ്ക്കൽ എത്തിച്ച് ബന്ധുക്കൾക്ക് സുരക്ഷിതമായി കൈമാറി. ആശങ്കയൊഴിഞ്ഞു സുരക്ഷിതരായി ബന്ധുക്കളുടെ അടുത്തെത്തിയതിന്റെ ആഹ്ലാദത്തിൽ അമ്മമാർ സന്തോഷാശ്രുക്കളോടെ ആലിംഗനം ചെയ്താണ് സുദർശനം സന്നദ്ധ പ്രവർത്തകരെ യാത്രയാക്കിയത്.

കഴിഞ്ഞ ദിവസം തിരക്കിനിടയിൽ കാണാതായ രണ്ട് കുട്ടികളെ കണ്ടെത്തി സുരക്ഷിതമായി രക്ഷിതാവിനെ ഏൽപ്പിക്കുന്നതിന് സമയോചിതമായ ഇടപെടൽ നടത്തിയതും സുദർശനം സന്നദ്ധ പ്രവർത്തകരായിരുന്നു. വയോജന-ഭിന്നശേഷി സൗഹൃദ ശബരിമല എന്ന ലക്ഷ്യത്തിൽ സാമൂഹ്യനീതി വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും നേതൃത്വത്തിൽ ഈ മാസം ഒൻപതിനാണ് സുദർശനം പദ്ധതി ആരംഭിച്ചത്. ശബരിമലയിൽ എത്തിച്ചേരുന്ന വയോജനങ്ങൾക്കും ഭിന്നശേഷിക്കാരായ തീർഥാടകർക്കും പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകരുടെയും ദ്വിഭാഷികളുടെയും സേവനം സുദർശനം പദ്ധതി പ്രകാരം ലഭ്യമാക്കിവരുന്നു. വിവിധ കോളജുകളിൽ നിന്നുള്ള നാഷണൽ സർവീസ് സ്കീം വിദ്യാർഥികൾ, പാലിയേറ്റീവ് പ്രവർത്തകർ തുടങ്ങിയവരാണ് ശബരിമലയിൽ സുദർശനം പദ്ധതി സേവനത്തിന് എത്തിയിട്ടുള്ളത്. ഇതിനോടകം ശാരീരിക അവശതമൂലം മലകയറാൻ പ്രയാസപ്പെട്ട 3390 തീർഥാടകർക്ക് സുദർശനം സന്നദ്ധപ്രവർത്തകർ കൈത്താങ്ങായി മാറി.

എമർജൻസി മെഡിക്കൽ സെന്റർ മുഖേന നിരവധി തീർഥാടകർക്ക് വൈദ്യ സഹായം ലഭ്യമാക്കിയിട്ടുണ്ട്. 585 തീർഥാടകർക്ക് പമ്പയിൽ പ്രവർത്തിക്കുന്ന സുദർശനം വിശ്രമകേന്ദ്രത്തിന്റെ സേവനം ഇതുവരെ ലഭ്യമാക്കി. ദർശനത്തിനായി ക്യൂ നിൽക്കാൻ വളരെ പ്രയാസമനുഭവിച്ച 271 തീർഥാടകർക്ക് പ്രത്യേക സഹായം ലഭ്യമാക്കി. പമ്പയിലും നിലയ്ക്കലും സുദർശനം ഇൻഫർമേഷൻ കൗണ്ടർ ആരംഭിച്ചു. അവിടെ ദ്വിഭാഷികളുടെ സേവനം ലഭ്യമാക്കി. പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി വനം വകുപ്പ് കാനന പാതകളിൽ ഇരിപ്പിട സൗകര്യമൊരുക്കി.

എല്ലാ തലങ്ങളിലും വയോജനങ്ങളുടെയും ഭിന്നശേഷിക്കാരുടെയും തുല്യ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്ന നയത്തിന്റെയും കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിലാണ് സുദർശനം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. ദേവസ്വം ബോർഡ്, ആരോഗ്യവകുപ്പ്, വനം വകുപ്പ്, പോലീസ് തുടങ്ങിയ വകുപ്പുകളുടെ പിന്തുണയോടെ ജില്ലാ പ്രൊബേഷൻ ഓഫീസാണ് സുദർശനം പദ്ധതി നിർവഹണം നടത്തുന്നത്.

(പി.ആർ. ശബരി-217)

## മൂന്നരപ്പതിറ്റാണ്ട് തുടർച്ചയായി

## ശബരീശ സന്നിധിയിൽ കാൽനടയായി

മുപ്പത്തിയേഴ് വർഷങ്ങളായി ബെംഗളൂരുവിൽ നിന്ന് കാൽനടയായി ശബരിഗിരിവാസനെ കണ്ടുവണങ്ങാൻ എത്തുന്ന ഗുരുസ്വാമി ഇപ്രാവിശ്യവും പതിവ് തെറ്റിച്ചില്ല. ബെംഗളൂരു ശ്രീരാമപുരം സ്വദേശി മദൻഗോപാൽ സ്വാമി (83)ആണ് ഈ ഭക്തൻ. തന്റെ കാൽനട യാത്രയിൽ ദേശീയ പതാകയും സമാധാനത്തിന്റെ ധവള പതാകയുമായി കിലോമീറ്ററുകൾ താണ്ടി തിങ്കളാഴ്ച രാത്രി സന്നിധാനത്തെത്തി അയ്യനെകണ്ട് വണങ്ങി. ശബരിമലയിൽ 54 വർഷമായി ദർശനം നടത്തിവരുന്നതായി അദേഹം പറഞ്ഞു. ബെംഗളൂരുവിൽനിന്ന് കാൽനടയായി സന്നിധാനത്തേക്ക് എത്താൻ കഴിയുന്നത് ഭഗവൽ കടാക്ഷമെന്ന് മദൻഗോപാൽ സ്വാമി വിശ്വസിക്കുന്നു. ഇത്തവണ ബെംഗളൂരുവിൽ നിന്ന് സന്നിധാനം വരെ കാൽനടയായിയെത്താൻ 28 ദിവസമെടുത്തു. ദിവസവും 55 മുതൽ 65 കിലോമീറ്റർ ദൂരം കാൽനടയായി താണ്ടിയാണ് അദേഹം സന്നിധാനത്തെത്തിയത്. താൻ ഗിന്നസ് റെക്കോഡ് നേടിയിട്ടുള്ളതിന്റെ സർട്ടിഫിക്കറ്റും തന്റെ പക്കലുള്ളതായി അദേഹം പറഞ്ഞു. ബെംഗളൂരു സ്വദേശിനിയായ നിർമ്മൽഗോപാൽ (73)ആണ് ഭാര്യ. മൂന്ന് മക്കളടങ്ങുന്നതാണ് കുടുംബം. കഴിയുന്നത്രകാലം കാൽനടയായി ദർശനം തുടരണമെന്നാണ് ആഗ്രഹമെന്ന് മദൻഗോപാൽ സ്വാമി പറഞ്ഞു.

(പി.ആർ. ശബരി-218)

ഫോട്ടോ: മദൻഗോപാൽ സ്വാമി (83 മുപ്പത്തിയേഴ് വർഷങ്ങളായി ബെംഗളൂരുവിൽ നിന്ന് കാൽനടയായി ശബരിഗിരിവാസനെ കണ്ടുവണങ്ങാൻ എത്തുന്ന ഗുരുസ്വാമി

## മോക്ക്ഡ്രിൽ 24 ന്

വിവിധ വകുപ്പുകളുടെ സംയുക്ത പങ്കാളിത്തത്തോടെ ചൊവ്വാഴ്ച (24) നിലക്കലിൽ മോക്ക്ഡ്രിൽ നടത്തും. സൂര്യഗ്രഹണ ദിവസമായ 26ന് ദർശന സമയം കുറവായതിനാൽ വലിയതോതിൽ ഭക്തരെ നിലക്കൽ ബേസ് ക്യാംപിൽ നിലനിർത്തേണ്ടി വരുന്ന സാഹചര്യം മുന്നിൽകണ്ടുസ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതൽ മനസിലാക്കാൻ വേണ്ടിയാണ് മോക്ക്ഡ്രിൽ നടത്തുന്നത്. നിലക്കൽ കെ.എസ്.ആർ.ടി.സി ബസ്സ് പാർക്കിംഗിന് സമീപത്താണ് ഉച്ചകഴിഞ്ഞ് 2.45ന് മോക്ക്ഡ്രിൽ നടത്തുക.

(പി.ആർ. ശബരി-219)

## അമിതവില: 78000 രൂപ പിഴ ഈടാക്കി

പമ്പയിലെയും പരിസര പ്രദേശങ്ങളിലേയും കച്ചവട സ്ഥാപനങ്ങളിലും സ്റ്റാളുകളിലും ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള സ്‌ക്വാഡ് നടത്തിയ പരിശോധനയിൽ തീർഥാടകരിൽനിന്ന് അമിത വില ഈടാക്കിയ പത്ത് കച്ചവട സ്ഥാപന ഉടമകൾക്ക് 78000 രൂപ പിഴ ചുമത്തി. കരിക്കിന് നിശ്ചയിച്ചിരുന്ന 30 രൂപയുടെ ഇരട്ടി രാത്രി കാലങ്ങളിൽ ഈടാക്കുന്നു എന്ന പരാതിയിൽ സ്‌ക്വാഡ് നടത്തിയ പരിശോധനയിൽ ശരിയാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് സ്റ്റാളുടമയിൽ നിന്ന് 25000 രൂപ പിഴ ഈടാക്കി.വരും ദിവസങ്ങളിലും ഇത്തരക്കാർക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കുമെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് ആർ.ഐ ജോതിലക്ഷ്മിയും എക്സിക്യൂട്ടീവ് മജിട്രേറ്റ് കെ.സുനിൽകുമാറും അറിയിച്ചു.

(പി.ആർ. ശബരി–220)

## സൂര്യഗ്രഹണം: 26 –ലെ പൂജാചടങ്ങുകൾ

സൂര്യഗ്രഹണ ദിവസമായ ഈ മാസം 26ന് ശബരിമല ക്ഷേത്രനട രാവിലെ 7.30 മുതൽ 11.30വരെ അടച്ചിടും. സൂര്യഗ്രഹണ ദിവസത്തെ ശബരിമലയിലെ പ്രധാന ചടങ്ങുകൾ താഴെ കൊടുക്കുന്നു. പുലർച്ചെ 3 മണിക്ക് നടതുറക്കും.നെയ്യഭിഷേകം 3.15 മുതൽ 6.40വരെ തുടർന്ന് ഉഷപൂജ.രാവിലെ 7.30 മുതൽ 11.30 വരെ നടഅടയ്ക്കും. ഉച്ചക്ക് 11.30ന് നടതുറന്ന് പുണ്ണ്യാഹവും കലശാഭിഷേക്ഷേകത്തിന് ശേഷം കളഭാഭിഷേകം. നെയ്യഭിഷേകം 12 മണി മുതൽ ഒരുമണിവരെ തുടർന്ന് ഉച്ചപൂജയ്ക്കുശേഷം നട അടയ്ക്കും. വൈകിട്ട് 5ന് നടതുറക്കും. തങ്ക അങ്കി ചാർത്തിയുള്ള മഹാ ദീപാരാധന 6.30ന്.അത്താഴ പൂജ രാത്രി 9.30 ന്. രാത്രി 10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും.

(പി.ആർ. ശബരി–221)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 23 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


### ഹൃദയാഘാതം മൂലം മരിച്ചവർ 19

ദർശനത്തിനായി മലകയറുന്നതിനിടയിൽ ഹൃദയാഘാതം മൂലം മരണമടഞ്ഞവരുടെ എണ്ണം ഈ തീർഥാടനകാലത്ത് ഇതുവരെ 19 ആയി. ഇതിൽ 15 പേർ പമ്പയിലും നാലുപേർ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലുമാണ് മരണപ്പെട്ടത്. കഴിഞ്ഞ ദിവസം മലകയറുന്നതിനിടെ അപ്പാച്ചിമേട്ടിൽവച്ച് തമിഴ്നാട് സ്വദേശി ഹൃദയാഘാതം മൂലം മരണ മടഞ്ഞു. തമിഴ്നാട് ഗൂഢല്ലൂർ സ്വദേശി രാജേന്ദ്രൻ വി (61) ആണ് മരണമടഞ്ഞത്. പമ്പ മുതൽ സന്നിധാനം വരെയുള്ള 15 എമർജൻസി മെഡിക്കൽ സെന്ററുകളിൽ വിവിധ അസുഖങ്ങളുമായി 30157 കേസുകൾ റിപ്പോർട്ടു ചെയ്തു. ഇതിൽ 414 എണ്ണം എമർജൻസി കേസുകളായിരുന്നുവെന്ന് ആരോഗ്യവകുപ്പ് അധികൃതർ പറഞ്ഞു.

(പി.ആർ. ശബരി-222)

## ശബരീശ സന്നിധിയിൽ കുത്തിയോട്ടം അരങ്ങേറി

സന്നിധാനം നടപ്പന്തലിന് സമീപമുള്ള ശ്രീധർമ്മശാസ്താ ഓഡിറ്റോറിയത്തിൽ വെട്ടികുളങ്ങര ചേപ്പാട് ഹേമാംമ്പിക കുത്തിയോട്ട സമിതിയുടെ കുത്തിയോട്ടം അരങ്ങേറി. കുമ്മി പാട്ടിനനുസരിച്ച് താളാത്മകമായ പാദ ചലനങ്ങളോടെ കുത്തിയോട്ട നൃത്തം വശ്യതയാർന്നതായിരുന്നു. അയ്യപ്പചരിതം, ശ്രീകൃഷ്ണ ചരിതം, ഭദ്രകാളി ചരിതം തുടങ്ങിയ കുമ്മികളാണ് അവതരിപ്പിച്ചത്. ചേപ്പാട് ശ്രീരാജ്, പ്രസാദ് എന്നിവർ നേതൃത്വം കൊടുക്കുന്ന, കുട്ടികൾ അടങ്ങുന്ന 50 അംഗ സംഘമാണ് പരിപാടി അവതരിപ്പിച്ചത്. തുടർച്ചയായ അഞ്ചാംവർഷമാണ് സംഘം ശബരിമലയിൽ കുത്തിയോട്ടം അവതരിപ്പിച്ചത്. ഇവർ വിവിധ ക്ഷേത്ര സന്നിധികളിൽ കുത്തിയോട്ടം നടത്തിവരുന്നു.

(പി.ആർ. ശബരി–223)

## ശിവശക്തി നാരായണന്റെ ഭക്തിഗാന ആലാപനം നടന്നു

സിനിമാതാരവും ഗായകനുമായ ശിവശക്തി നാരായണന്റെ ഭക്തി ഗാനാലാപനം സന്നിധാനം ശ്രീധർമ്മശാസ്താ ഓഡിറ്റേറിയത്തിൽ നടന്നു.കഴിഞ്ഞ 26 വർഷമായി ശബരിമലയിൽ മുടങ്ങാതെ ഭക്തിഗാന ആലാപനം നടത്തി വരുകയാണ് പെരുമ്പാവൂർ കോടനാട് സ്വദേശിയാണ് ഈ 73കാരൻ.

(പി.ആർ. ശബരി–224)

## ശബരിമല നാളത്തെ( 24.12.19 )ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ

3 മണിക്ക് തിരുനട തുറക്കൽ

3.05 ന് നിർമ്മാല്യ ദർശനം

3.10 ന് അഭിഷേകം

3.20 ന് നെയ്യഭിഷേകം

(3.20 മുതൽ 7 മണിവരെ

8 മണി മുതൽ 11.15 വരെയും)

3.30 ന് ഗണപതിഹോമം

7.30 ന് ഉഷപൂജ

11.50 ന് കലശാഭിഷേകം

12 മണിക്ക് കളഭാഭിഷേകം

12.30ന് ഉച്ചപൂജ

തുടര് 1 മണിക്ക് നട അടയ്ക്കും.

4 മണിക്ക് നട തുറക്കൽ

6.30ന് ദീപാരാധന

7 മണിക്ക് പുഷ്പാഭിഷേകം

9.30 ന് അത്താഴപൂജ

രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.